# Kalary.com

[companionship of Kalari Kurup/Panicker Community residing across the world]

Plot no. 235/2, Sector No. 4-A,
Gandhinagar - Gujarat 382006
Phone no. 09601484166
E-mail_ kalarickalk@gmail.com
http://www.kalary.com

# കളരി ന്യൂസ്

വാർത്താ മാസിക

**Newsletter** ജൂലൈ 2013


മുഖപ്രസംഗം

നാം നമ്മുടെ സ്വന്തം അറിവിലും കഴിവിലും അഭിമാനിക്കുന്നതുപൊലെ നമ്മുടെ സഹ-സമുദായ അംഗങ്ങളുടെ അറിവിലും കഴിവിലും അഭിമാനിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ നമുക്ക് മറ്റുള്ളവരുടെ കഴിവുകളും അറിവുകളും അംഗീകരിക്കുവാനും അവരെ ആദരിക്കുവാനും യുവതലമുറയ്ക്ക് അവരെ മാതൃകാപരമായി ചൂണ്ടികാട്ടി കൊടുക്കുവാനും കഴിയുകയൊള്ളു.

മധ്യകാലം മുതൽ രൂപപ്പെട്ട കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായം പൗരസ്ത്യ ശസ്ത്ര-ശാസ്ത്രാദികളിൽ പണ്ഡിതരും പ്രഗത്ഭരുമായിരുന്നു. ഇന്നും ഈ സമുദായത്തിൽ ഈ വിഷയങ്ങളിൽ എന്ന പോലെ പാശ്ചാത്യ പാഠ്യ വിഷയങ്ങളിലും ഗവേഷണ വിഷയങ്ങളിലും കഴിവുറ്റവരും ചടുലതയുള്ളവരുമുണ്ട്. ഏവരും പണ്ഡിതരും പടുക്കളാണെന്നും സ്വയം കരുതുന്നതിനാൽ ആരും ആരേയും അംഗീകരിക്കുവാൻ ഇവിടെ തയ്യാറാവുന്നില്ല.

ഞാൻ ഏവരിലും മുന്നിലാണ് എന്ന മാനസ്സികാവസ്ഥക്കു പകരം ഞാൻ ആരിലും താഴെയല്ലായെന്ന അവസ്ഥയാണ് കൈവരിക്കേണ്ടത്. സ്വന്തം അറിവുകളും കഴിവുകളും മറ്റുള്ളവരുടെ മുന്നിൽ അഭിമാനത്തോടെ അവതരിപ്പിക്കുമ്പോൾ, അവ മനസ്സിലാക്കുവാനും അംഗീകരിക്കുവാനും സമുദായ അംഗങ്ങൾ സന്നദ്ധരാവണം. കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന സമുദായത്തിൽ ഇത്തരം പരസ്പരം അംഗീകാരത്തിൻെറ അഭാവമാണ് മറ്റു മേഖലകളിൽ സമുദായത്തിന് ഉയർന്നു വരുവാൻ കഴിയാതെ പോകുന്നത്.

മറ്റു ജാതി സമുദായങ്ങളുടെ കാര്യമെടുത്താൽ അവർക്ക് അവരുടെ സമുദായ നേതാക്കളെയും സാംസ്കാരിക നേതാക്കളെയും നവോഥാന പ്രസ്ഥാന നേതാക്കളെയും സ്വാതന്ത്ര്യ സേനാനികളെയും രാഷ്ട്രീയ നേതാക്കളെയും പലരേയും ചൂണ്ടികാണിക്കുവാനുണ്ട്. എഴുത്തുകാരും ചരിത്രകാരന്മാരും കലാസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രമുഖരായവരായവും അവർക്കിടയിലുണ്ട് എന്ന കാര്യം അതാതു സമുദായ അംഗങ്ങൾക്കിടയിൽ പ്രചലിതമാണ്.

കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന കളരി ആചാര്യ വിഭാഗത്തിൽ വ്യത്യസ്തമായ രീതിയിൽ ചൂണ്ടികാണിക്കുവാൻ കഴിയും വിധം ആരെങ്കിലും പണ്ഡിതരായൊ പ്രഗത്ഭരായൊ എഴുത്തുകാരയൊ രാഷ്ട്രീയക്കാരായൊ ഉണ്ടെന്ന കാര്യം സമുദായ മധ്യത്തിൽ ആരും അറിയുന്നില്ല.

ഈ അവസ്ഥക്ക് ഒരു മാറ്റം അനിവാര്യമാണ്.

- എഡിറ്റോറിയൽ

## കേരളത്തിൻെറ ക്രിക്കറ്റ് ഇതിഹാസം ബാലൻ പണ്ഡിറ്റിന് ആദരാഞ്ജലികൾ



വള്ളുവള്ളി കളരിക്കൽ ബാലൻ പണ്ഡിറ്റ് അന്തരിച്ചു. കേരള ക്രിക്കറ്റിൻെറ ഇതിഹാസ പുരുഷനായിരുന്ന ഇദ്ദേഹത്തിൻെറ വിയോഗം ക്രിക്കറ്റ് മേഖലക്ക് ഒരു തീരാ നഷ്ടമാണ്.

17 വർഷക്കാലം കേരളത്തിൻെറ സെലക്ഷൻ കമ്മിറ്റി ചെയർമാനായിരുന്ന ബാലൻ പണ്ഡിറ്റ് ഇംഗ്ളണ്ടിലെ ലങ്കാഷെയറിൽ ക്രിക്കറ്റ് ലീഗ് കളിക്കുകയെന്ന ചരിത്രനേട്ടത്തിന് ഉടമയായ ഏക മലയാളി ക്രിക്കറ്ററായിരുന്നു. കേരള ടീം ക്യാപ്റ്റൻ, കേരള രഞ്ജി ടീം അംഗം, എഫ്.എ.സി.ടി. ടീം പിശീലകൻ , രഞ്ജി ട്രോഫി ക്രിക്കറ്റ് സെലക്ഷൻ ബോർഡ് അംഗം, ദേശീയ സെലക്ഷൻ കമ്മിറ്റി അംഗം, എഫ്.എ.സി.ടി. സ്പോർട്സ് സൂപ്പർവൈസർ തുടങ്ങി നിരവധി പദവികൾ വഹിച്ചിട്ടുണ്ട്.

1927ൽ ആയുർവേദ ഡോക്ടറായിരുന്ന അച്ഛൻ മഹാദേവ സ്വാമി മുംബയിൽ താമസമാക്കിയതിനെ തുടർന്നാണ് ബാലൻ പണ്ഡിറ്റ് ക്രിക്കറ്റ് ലോകത്തേക്കു കടന്നുവന്നത്. മുംബായിലെ കിങ്ങ് ജോർജ് സ്ക്കുളിൽ ക്രിക്കറ്റുകളിക്കാരനായി അറിയപ്പെട്ട ബാലൻ പണ്ഡിറ്റ് ദാദാർ യൂനിയൻ ക്രിക്കറ്റ് ക്ളബ് അംഗമായി. 1947ൽ ഗുജറാത്തിനെതിരെ അഹമ്മദാബാദിൽ പശ്ചിമ ഇന്ത്യൻ സംസ്ഥാനങ്ങളുടെ ടീമിനു വേണ്ടിയായിരുന്ന ആദ്യ രഞ്ജി മത്സരം. നാലുവർഷം വിക്കറ്റ് കീപ്പറും ഓപണിങ്ങ് ബാറ്റ്സ്മാനുമായി രഞ്ജിക്ക് വേണ്ടി കളിച്ചിട്ടുണ്ട്. കേരളത്തിൻെറ നായകനായി 13 മത്സരങ്ങളിൽ പണ്ഡിറ്റ് കളിച്ചിട്ടുണ്ട്.

1951ൽ കേരളത്തിൽ നിന്നും മുംബയിലേക്ക് പോയി. മുംബൈയ് മുനിസിപ്പൽ കോർപ്പറേഷനു കീഴിലുള്ള സ്ഥാപനമായ ബി.ഇ.എസ്.ടിയിൽ ട്രാഫിക്ക് അസിസ്റ്റൻറായി ജോലിയിൽ പ്രവേശിച്ചു. 1951-52ൽ ബി.ഇ.എസ്.ടി. ക്രിക്കറ്റ് ടീം "ടൈംസ് ഓഫ് ഇന്ത്യ ഷീൽഡ് " ചാമ്പ്യന്മാരായിരുന്നു.

വള്ളുവള്ളി കളരിക്കൽ പരേതനായ പണ്ഡിറ്റ് മഹാദേവ സ്വാമിയുടെയും കല്യാണി ഭായിയുടേയും ആറ് മക്കളിൽ മൂന്നാമനായിരുന്നു ബാലൻ പണ്ഡിറ്റ്.

പ്രൊഫ. ലീല ഭാര്യയും ക്ഷമ, സഞ്ചയ്, രഞ്ജിത്ത് എന്നിവർ മക്കളും കേണൽ ഗൗതം, പിയ, കല എന്നിവർ മരുമക്കളുമാണ്.

പരതേൻെറ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു. - കളരി ഡോട്ട് കോം

Kalary.com

# ഫോട്ടോ ഗാലറി







## നിറങ്ങളുടെ ലോകത്തെ സ്നേഹിക്കുന്ന നമ്മുടെ ദേവദാസ്



ദേവദാസിൻെറ ചിത്ര രചനാ ശേഖരണത്തിൽ നിന്നും എടുത്ത ചില ചിത്രങ്ങളിണിവ. പ്രവാസി മലയാളിയായ ശ്രീ. ദേവദാസ് പുന്നയൂർ കളരി അംഗമാണ്. 1997 മുതൽ യു.എ.ഇ.യിൽ വസിക്കുന്ന ഇദ്ദേഹം യുനിവേഴ്സിറ്റി ഓഫ് ഷാർജ എഞ്ചിനിയറിംഗ് വിഭാഗത്തിൽ ജോലി ചെയ്യുന്നു. ഒരു ചിത്രകാരൻ എന്ന നിലയിലും സംഗീത മേഖലയിൽ പുല്ലാംകുഴൽ വാദകനെന്ന നിലയിലും പ്രവാസി മലയാളികൾക്കിടയിൽ പ്രസിദ്ധരനാണ് ഇദ്ദേഹം. സരസ സ്വഭാവക്കാരനായ ഇദ്ദേഹം ഏവരുടേയും പ്രയങ്കരനുമാണ്.

2010ൽ ഷാർജ ഇന്ത്യൻ അസോസിയേഷൻ ഹാളിൽ ചിത്ര പ്രദർശനം നടത്തിയിട്ടുണ്ട്. ദുബൈ അക്മ സംഘടിപ്പിച്ച ആർട്ട് ഫെസ്റ്റിൽ ദേവദാസിൻെറ "ഗണപതി സീരിസ്" ചിത്രങ്ങൾ ജന ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു.

ശ്രീ ദേവദാസ് സമന്വയ യുഎഇ യുടെ സ്ഥാപകരിൽ ഓരാളും സമന്വയുടെ ഇപ്പോഴത്തെ പ്രസിഡൻറുമാണ്. അദ്ദേഹത്തിൻെറ ക്രിയാത്മകമായ കഴിവുകളെ മാനിച്ചുകൊണ്ടും ആദരിച്ചുകൊണ്ടും കളരി ഡോട്ട് കോം എല്ലാവിധ ആശംസകളും നേരുന്നു. കളരി ഡോട്ട് കോം

## വെങ്കിടസ്വാമി കമ്മീഷൻെറ റിപ്പോർട്ട്

കർണ്ണാടക സംസ്ഥാനത്തെ ബല്യായ വിഭാഗത്തെ കണിയാൻ വിഭാഗത്തിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കുരകളുടെ മറ്റു പിന്നോക്ക് വിഭാഗ (ഒബിസി) പട്ടികയിൽ ഉൾപ്പെടുത്തി ഒബിസി വിഭാഗങ്ങൾക്ക് നൽകിവരുന്ന ആനൂകൂല്യങ്ങൾ നൽകുവാൻ ബല്യായ സമുദായ സംഘടന സർക്കാരിൽ സമ്മർദ്ദം ചെലുത്തി.

കേന്ദ്ര പിന്നോക്ക വിഭാഗ കമ്മീഷൻ ഇക്കാര്യത്തിൽ തീർപ്പുകല്പിക്കുവാനായി ചരിത്ര സാംസ്കാരിക പ്രതിപാദനങ്ങളും സംസ്ഥാന സർക്കാരിൻെറ അഭിപ്രായവും ആരാഞ്ഞിട്ടുണ്ട്.

കർണ്ണാടക സംസ്ഥാനത്തിൻെറ ദക്ഷിണ ഭാഗത്തു വസിക്കുന്ന അല്പ സംഖ്യരായ ബല്യായ വിഭാഗം അംഗ സംഖ്യയിൽ 3200 മാത്രമേ വരുന്നൊള്ളു. ഇ വരുടെ മുഖ്യ തൊഴിലും ഉപജീവനമാർഗ്ഗവും ജ്യോതിഷമാണെന്ന് കമ്മീഷൻ കണ്ടെത്തി. ഈ വിഭാഗത്തിലെ 90 ശതമാനം ഭൂരഹിതരും 95 ശതമാനം ആളുകളും കച്ച വീടുകളിൽ വസിക്കുന്നവരുമാകുന്നു. ഇവരിൽ 25 ശതമാനം മാത്രമാണ് അക്ഷര അഭ്യാസം നേടിയവരൊള്ളു. ഈ വിഭാഗത്തിൽ 7 അംഗങ്ങൾ മാത്രമാണ് സർക്കാർ ഉദ്യോഗത്തിലൊള്ളുവെന്നും കേന്ദ്ര പിന്നോക്ക വിഭാഗ കമ്മീഷൻ കണ്ടെത്തി.

വെങ്കിട സ്വാമി റിപ്പോർട്ടു പ്രകാരം ബല്യായ വിഭാഗം ജ്യോതിഷ വിഭാഗമായ കണിയാൻെറ ഉപവിഭാഗമായി കണക്കാക്കുന്നു. കണിശൻ എന്നത് സംസ്കൃതവാക്കിൻെറ ഗണികയിൽ നിനും വന്ന മലയാളം .അപഭ്രംശ ശബ്ദം (കെറപ്ഷൻ)മാണ് ജ്യോതിഷം എന്നാണ് പറയപ്പെടുന്നത്. ഇവരിൽ പണിക്കർ സ്ഥാനികളും ആശാൻ സ്ഥാനികളുമുണ്ട്. ബല്യയ എന്നാൽ കവടി എന്നാണ് അർത്ഥം വരുന്നത്. പൊതുവെ കണിയാൻ കവടിയുമായി ബന്ധപ്പെട്ട ജനവിഭാഗമാണെന്നത് വിരൽ ചുണ്ടുന്നത് കവടിയുമായി ബന്ധപ്പെട്ട ബല്യായ കണിയാൻെറ ഉപവിഭാഗമാണെന്ന് ഈ ചൂണ്ടികാട്ടൽ വ്യക്തമാക്കുന്നു.

കണിശൻ,.കണിയാർ,കണിയാരു,കണിയ,കണിയാൻ,കണ്യാൻ, ബല്യായ എന്നി പേരുകളിൽ ജ്യോതിഷ വിഭാഗം കർണ്ണാടകത്തൽ അറിയപ്പെടുന്നു. ഈ വിഭാഗങ്ങളെല്ലാം കേരള സർക്കാരിൻെറ ജാതി വിവര പട്ടികയിൽ ഇടം നേടിയിട്ടുണ്ട്. കർണ്ണാടകത്തിലെ ആയോധന സ്ഥാപനങ്ങളുമായി ഈ വിഭാഗത്തിനും ബന്ധമുള്ളതായി തെളിവുകളൊന്നും തന്നെയില്ല.

കർണ്ണാടക ബല്യായ സംഘടനയുടെയും കർണ്ണാടക കണിശ മഹാജന സംഘത്തിൻേറയും സെക്രട്ടറി ശ്രീ പത്മനാഭൻ കേന്ദ്ര പിന്നാക്ക കമ്മീഷൻ ബഞ്ചിനു മുന്നിൽ കേരളത്തിലെ കണിയാൻ വിഭാഗവും കർണ്ണാടകത്തിലെ ബല്യായ വിഭാഗവും ഒന്നാണെന്ന് മുഖ്യ തൊഴിലായ ജ്യോതിഷം ചൂണ്ടീകാട്ടി അവകാശപ്പെട്ടു.

ബല്യായ എന്ന കർണ്ണാടകത്തിലെ ജ്യോതിഷ വിഭാഗവും കണിയാൻ വിഭാഗവും ഒന്നാണെന്നൊ അഥവാ ബല്യായ കണിയാൻ വിഭാഗത്തിൻെറ ഉപ വിഭാഗമാണെന്നൊയുള്ള ബല്യായ സമുദായ സംഘടനയുടെ അവകാശവാദം കമ്മീഷൻേറയും സർക്കാരിൻേറയും പരിഗണനയിലാണ്.

ഏതൊരു സംഘടനയുടേയും അവകാശവാദത്തിൽ തീർപ്പുകല്പിക്കുന്നത് സംഘടന കമ്മീഷനു മുന്നിൽ സമർപ്പിക്കുന്ന അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിലായിരിക്കും.




Kalary.com

കവിത

## പാപ ജാലകം

കരഞ്ഞു കരഞ്ഞു ഞാൻ തളർന്നു!
ഇരവും പകലുമിനിയെത്ര?
ചുറ്റിലും നരഭോജികൾ മാത്രം
അറ്റത്തൊരു പച്ചരപ്പുപോലുമില്ല!
ഇനിയെത്ര ദൂരമീ യാത്ര?

പകുത്തുനികീ സർവ്വസ്വവും
അകകാന്പിലെ സ്വപ്നം പോലും!
ക്ഷമിച്ചു ഞാൻ ഭൂമിയോളം
നമിക്കുകയുമെത്ര ചെയ്തു!

നഗരത്തിലെ നരകമാണി ഫ്ളാറ്റ്
ഉറങ്ങുവാനുമുണരുവാനും പേടി !
നിശാജ്യത്തശാലകളിൽ പതിവുകാരൻ
വലിയ കച്ചവടക്കാരൻ!!
പാർട്ടികൾ, മീറ്റിംഗുകൾ-

പൂച്ചയെപ്പോലെ പിന്നാലെ ഞാനും!
മദ്യത്തിനലകളിൽ-
സുരതനൃത്തം ചെയ്യുന്നു കാമരൂപികൾ!
ഒളിച്ചുനില്ക്കുന്ന എന്നിൽ -
കിരാതനോട്ടവും , കാമ -
നഖങ്ങളുമായി വരുന്നവർ!

തിളച്ചുമാറിയുന്ന നരകസംഗീത-
ജാലകള്ക്കിടയിലാരോ പറഞ്ഞു
ഭാര്യമാരെ കൈമാറുവാൻ സമയമായി!
ഉരുംപേരുമാറിയാത്ത-

ഒരുവൻെറ വിയർപ്പിലിനി ഞാൻ ...!
ഏതൊ ഒരു പെണ്ണിൻെറ കൂടെയദ്ദേഹവും!
നഗരത്തിലെ രാജാക്കന്മാർ-
ഈങ്ങനെയൊക്കെയാകണമെത്രെ!!

നീലച്ചോലകൾ
നിലനിലാവിവവിയുന്നു
ഗ്രാമവിശുദ്ധിയിൽ പിറന്നവൾ!
അരങ്ങിലും അണിയറയിലും
ആടിപാടാനറിയില്ല..
അറിയാം, കിനാവിൻെറ പാട്ട് മാത്രം!

പാപജാലകവാതിലുകൾ തുറന്നു..
അപശകുനം പോൽ അയാൾ വന്നു!
ഗ്രാമവിശുദ്ധിയുടെ പാട്ടിനു-
താളംപിടിക്കാനിതാ രാത്രിയിൽ-
നഗരത്തിലെ ജാരസന്തതികൾ !

*മധു കണ്ണൻചിറ*
ദുബായ്.
050-5593102



## തൊഴിൽ വിഭജന സിദ്ധാന്തം

സംഘകാലത്ത് കേരളക്കരയിൽ ജാതി വിഭജനമൊ ജാതി വ്യവസ്ഥയൊ നിലനിന്നിരുന്നില്ല. എന്നാൽ തൊഴിൽ കൂട്ടായ്മകൾ നിലനിന്നിരുന്നു. തൊഴിൽ കൂട്ടായ്മകൾ അതാതു ഗോത്ര വിഭാഗങ്ങൾക്കുള്ളിൽ ഒതുങ്ങിയാണ് നിലനിന്നിരുന്നത്. സംഘകാല കൃതികളിൽ പാണന്മാരെക്കുറിച്ചും കാർഷീക തൊഴിലാളികളായ ഉഴവരെക്കുറിച്ചും പറയുന്നുണ്ട്.

സംഘകാലത്തെ രാജാക്കന്മാരും ഭടന്മാരും ജാതി വ്യവസ്ഥിതിയിൽ ഉടലെടുത്ത ക്ഷത്രീയരായിരുന്നില്ല. രാജാക്കന്മാർ പ്രത്യേക ഗോത്ര വിഭാഗങ്ങളായിരുന്നു ഭടന്മാർ പൊതുവ മറവർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഗോത്ര വിഭാഗക്കാരായിരുന്നുവെന്നാണ് സംഘകാല കൃതികൾ സൂചിപ്പിക്കുന്നത്.

ഒന്നാം ചേര രാജാക്കന്മാരുടെ കാലത്ത് മറവർ രണ വീര്യമുണ്ടായിരുന്ന യോധാക്കളായിരുന്നുവെന്ന് സംഘകാല കൃതികളിൽ വിവരിക്കുന്നുണ്ട്. പതിറ്റുപത്ത് എന്ന കാവ്യ സംഗ്രഹത്തിൽ പാട്ട് പത്ത് മരംപടുതീങ്കനി (പഴുത്ത ചക്കകൾ നിറഞ്ഞ വരിക്ക) എന്ന പാട്ടിൽ "... കൈയിൽ സദാ വില്ലുവഹിച്ചുകൊണ്ടിരിക്കുന്ന വീരരായ മറവർപോലും വിറകൊള്ളുമാറ് തിരമാലകളിലും കാർമേഘങ്ങളിലും ഉലാവി ചെറു നീർക്കണങ്ങൾ വഹിച്ചു തണുപ്പാർന്ന കാറ്റ് സദാ വീശിക്കൊണ്ടിരിക്കുന്ന നറവ എന്ന നഗരത്തിൽ ചേര രാജാവ് സുന്ദരികളുടെ പാട്ടും കേട്ടും ആട്ടം കണ്ടും രസിക്കുന്നുണ്ടാകും...." . അതായത് സംഘകാലത്ത് അഥവാ ആദി ചേരക്കന്മാരുടെ കാലത്ത് സദാ ആയുധധാരികളായി നടന്നിരുന്നത് മറവർ എന്ന വിഭാഗക്കാരായിരുന്നുവെന്നു പറയുന്നുണ്ട്.

സംഘകാല കൃതിയായ തോൽകാപ്പിയ സൂത്രത്തിൽ ത്രികാല ജ്ഞാനിയായ അറിവൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ത്രികാല ജ്ഞാനികളായ അന്നുകാലത്തെ ജ്യോതിഷം രീതി കൈകാര്യം ചെയ്തിരുന്ന ഒരു ജനവിഭാഗത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ബ്രാഹ്മണാധിപത്യത്തിനു മുമ്പ് തമിഴകത്ത് ജ്യോതിഷം നിലനിന്നിരുന്നുവെന്നതിന് സംഘകാലത്തെ ഒരു അഭുനഭവം ചൂണ്ടികാട്ടാം. നക്ഷത്രങ്ങളുടെ നില ഗ്രഹിച്ച് പഠിക്കുന്നതിനിടയിൽ ഒരു കൊള്ളിമീൻ വീഴുന്നതുകണ്ട് ജ്യോതിഷി അന്നത്തെ ചേര രാജാവ് ഏഴു ദിവസത്തിനുള്ളിൽ മരിക്കുമെന്ന് പ്രവചിച്ചിരുന്നതായി സംഘകാല കവി കുടലൂർ കീഴർ എഴുതിയിട്ടുണ്ട്.

ഈ രണ്ടു സംഘകാല കൃതികളിലെ ചൂണ്ടികാട്ടലുകളും വിരൽ ചുണ്ടുന്നത് മധ്യകാലത്ത് ജാതി വിഭാഗങ്ങളായിരുന്നില്ല തൊഴിൽ വിഭാഗങ്ങളായിരുന്നു നിലനിന്നിരുന്നതെന്നു വരുന്നു.

## സേവന അവകാശ നിയമം

കേരള സംസ്ഥാന സർക്കാർ സേവന അവകാശ നിയമം കൊണ്ടുവന്നു. കേരള സംസ്ഥാന സേവനാവകാശ നിയമം 2012 നിലവിൽ വ ന്നത് ഗവഃ ഓർഡർ നം. 55/2012/പി എആർഡി എന്ന ഉത്തരവു പ്രകാരം 2012 നവംബർ 1-ാം തിയതി കേരള പിറവി ദിനത്തിലാണ്.

നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷാംഗികമായ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന ഒരു നിയമമാണിത്.

കേന്ദ്ര സർക്കാർ അവതരിപ്പിച്ച പൊതുജന അവകാശ പരാതി പരിഹാര ബില്ലിൻെറ തുടർച്ചയാണ് സേവനാവകാശ നിയമം എന്നു പറയുന്നതിൽ തെറ്റില്ല. ഭാരതത്തിൽ 11 സംസ്ഥാനങ്ങൾ സേവന അവകാശവുമായി ബന്ധപ്പെട്ട് നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

കൈക്കൂലി ആവശ്യപ്പെട്ടുകൊണ്ട് സേവനം വൈകിക്കാനുള്ള പ്രവണത ഇല്ലാതാക്കുക. ഭരണ സുതാര്യത ഉറപ്പു വരുത്തുക. സർക്കാർ ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്വബോധവും കാര്യക്ഷമതയും ഉണ്ടാക്കിയെടുക്കുക. സർക്കാർ സേവനം ലഭിക്കുക എന്ന പൊതു ജനങ്ങളുടെ മൗലീക അവകാശം പ്രാവർത്തീകമാക്കുക എന്നതാണ് ഈ നിയമം കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

ശ്രീ മധു കണ്ണൻചിറക്ക്
കളരി ഡോട്ട് കോമിൻെറ
അഭിനന്ദനങ്ങൾ

Kalary.com

# കളരി ചാരിറ്റബിൾ ട്രസ്റ്റ്,

പ്രിയപ്പെട്ട സമുദായ അംഗങ്ങൾക്ക്,

നമ്മുടെ സമുദായത്തിൻെറ ഉന്നമനം മാത്രം ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ച കളരി ചാരിറ്റബിൾ ട്രസ്റ്റിൻെറ (KALARI CHARITABLE TRUST) പ്രവർത്തനങ്ങളെക്കുറിച്ച് ഇതിനകം കത്തുകളായും മീഡിയകളിലൂടേയും സമുദായത്തിലെ ഭൂരി ഭാഗം അംഗങ്ങളേയും അറിയിക്കുകയുണ്ടായി. താങ്കളും ഈ വിവരം അറിഞ്ഞിരിക്കും ഒന്നു കരുതുന്നു.

ഏതൊരു സമുദായത്തിൻെറയും വളർച്ച, അവരുടെ വിദ്യാഭ്യാസത്തിൽ കൂടിയേ നടന്നിട്ടൊള്ളു എന്ന വസ്തുത മനസ്സിലാക്കി, വിദ്യാഭ്യാസത്തിനു മുന്തൂക്കം നൽകിയാണ് കളരി ചാരിറ്റബിൾ ട്രസ്റ്റ് പ്രവർത്തിക്കുന്നത്. പിന്നോക്ക വിഭാ ഗത്തിൽപ്പെട്ട നമ്മുടെ സമുദായത്തിനു സാമൂഹികമായും സാമ്പത്തികമായും ഉന്നതിയുണ്ടാകണമെങ്കിൽ ഉയർന്ന വിദ്യാ ഭ്യാസം കൂടിയേ കളിയു എന്നതിനാൽ എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയമാണു ഈ ട്രസ്റ്റിനെ മുന്നോട്ടു നയി ക്കുന്നത്.

നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിൽ നടക്കുന്നതിനും നമ്മുടെ സമുദായത്തിലെ വിവിധ വിഭാഗങ്ങളു ടെ പ്രാദിനിത്യം ഉറപ്പു വരുത്തുന്നതിനും വേണ്ടി എല്ലാ സമുദായ അംഗങ്ങളുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥി ക്കുകയുണ്ടായി. എന്നാൽ, നമ്മുടെ സമുദായത്തിൽ സഹായിക്കുവാൻ കഴിവുള്ള വളരെയധികം പേർ ഉണ്ടായിരുന്നിട്ടും, അവർ ആരും തന്നെ വേണ്ട വിധത്തിൽ സഹകരിച്ച് നമ്മുടെ സമുദായത്തിൻെറ ഉന്നതി ലക്ഷ്യം വെച്ചുകൊണ്ടുള്ള ഈ സംരംഭം വിജയത്തിലേക്ക് എത്തിക്കുവാൻ ശ്രമിക്കുന്നില്ല എന്നത് തികച്ചും നിർഭാഗ്യകരവും നമ്മുടെ സമുദായത്തിൻെറ ശോചനീയവസ്ഥയുമാണ് എന്നല്ലാതെ എന്തു പറയാൻ....... സമുദായത്തിനുവേണ്ടി ചെയ്യുന്ന ഈ നല്ലകാര്യത്തിന് ചു രുങ്ങിയപക്ഷം, ഒരു സാധാരണ മെമ്പർഷിപ്പ് (Member Trustee) ചേർന്ന് ഇതിൻെറ ഭാഗമാകുവാനുള്ള സന്മനസ്സ് നാം ഓരോരുത്തരും കാണിക്കുകയാണെങ്കിൽ , ഈ സംരംഭം ഒരു മഹാവിജയമാക്കി തീർക്കുവാൻ കഴിയും.

നാം നമ്മുടെ ആർഭാട ജീവതവും കഴിവുകളും ഫേസ് ബുക്ക് തുടങ്ങിയ മീഡിയകളൂലൂടേയും മറ്റും വാർത്തകളാ യും ദൃശ്യങ്ങളായും പുറം ലോകത്തെ അറിയിക്കുവാൻ മത്സരിക്കുമ്പോൾ, നാം ജനിച്ചു വളർന്ന സ്വന്തം സമുദായത്തിനോ ട് നീതി പുലർത്തുവാൻ മറന്നു പോകുന്ന അവസ്ഥയാണ് ഇവിടെ കാണുന്നത്. സമുദായം നമുക്കുവേണ്ടി എന്തുചെയ്തു എന്നതിലുപരി നാം നമുക്ക് ജന്മം നൽകിയ സമുദായത്തിനു വേണ്ടി എന്തു ചെയ്തു എന്നു ചിന്തിച്ചു നോക്കുക. നിങ്ങളു ടെ വളരെ ചെറിയ സഹകരണം /സഹായം നമ്മുടെ സമുദായത്തിൻെറ ഉന്നമനത്തിനു വഴിവെയ്ക്കു എന്നതാണു സത്യം.

താഴെ പറയുന്ന കാര്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ട്രസ്റ്റിൻെറ പ്രവർത്തനം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു.

- നമ്മുടെ സമുദായത്തിൻേറതായ ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക
- നമ്മുടെ സമുദായത്തിൻെറ പേരിൽ ഒരു ചികിത്സാലയം ആരംഭിക്കുക
- ഇന്ത്യൻ അഡ്മിനിസ്ട്രേഷൻ സർവ്വീസിലേക്ക് (IAS,IFS,IPS,Etc.) നമ്മുടെ കുട്ടികൾ വരുന്നതിനു വേണ്ടി പ്രോത്സാ ഹിപ്പിക്കുക, പരിശീലിപ്പിക്കുക.
- സമുദായത്തിൽ അവശതയനുഭവിക്കുന്നവർക്ക് കഴിയുന്നത്ര സഹായം എത്തിക്കുക
- ജ്യോതിഷത്തിനും വൈദ്യത്തിനും വേണ്ടത്ര പ്രചരണം നൽകി പ്രോത്സാഹിപ്പിക്കുക.
- സമുദായാംഗങ്ങളെ പരസ്പരം അറിയുവാനും, അംഗീകരിക്കുവാനും, അവരെ ഉൾക്കൊള്ളുവാനും പ്രചോദനം നൽ കുക.

തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ട്രസ്റ്റിലൂടെ നടത്തുവാൻ ഉദ്ദേശിക്കുന്നു.

നമ്മുടെ സമുദായത്തൻെറ മൊത്തം അഭിവൃദ്ധി ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ സംരംഭം, നിങ്ങളുടെ ഓരോരുത്തരു ടേയും സഹകരണത്തോടെ മാത്രമെ മുന്നേറുകയുള്ളു എന്നകാര്യം പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഇതിൽ ഒരു ട്രസ്റ്റിയാ കുകയൊ അല്ലെങ്കിൽ നമ്മുടെ കഴിവിനനുസരിച്ച് സംഭാവന നൽകുകയൊ ചെയ്യുമ്പോൾ, “പലതുള്ളി പെരുവെള്ളം” എന്ന പോലെ നമ്മളും ഈ വലിയ സംരംഭത്തിൽ ഭാഗമാകുകയും അതിലൂടെ നമ്മുടെ സമുദായത്തിൻെറ ഉന്നമനത്തിൽ നാം പങ്കാളിയാകുകയുമാണു ചെയ്യുന്നത്. നാളെ നമുക്ക് അഭിമാനത്തോടെ നമ്മുടെ പങ്കിനെകുറിച്ചു പറയുവാൻ കഴിയും.

**Our Bank:**
Canara Bank, Coimbatore, A/c No. 120 410 155 6043
Branch: Coimbatore Head Quarters Road, RVR Building, 5/4 HQ Road, Coimbatore
MICTR Code : 641015004 IFSC Code : CNRB 0001204

ഒരിക്കൽക്കൂടി നിങ്ങളുടെ സഹായംവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

കളരി ചാരിറ്റബിൾ ട്രസ്റ്റിനു വേണ്ടി,

ഒപ്പ് -
കെ.എസ്. ചന്ദ്രൻ പണിക്കർ, ചെയർമാൻ
രവി പാറപ്പുറത്ത്, ജനറൽ സെക്രട്ടറി

Kalary.com

കവിതകാ

## ദൈവത്തിൻെറ കോടതിയിൽ

എല്ലാമെല്ലാമറിയുന്നൊരുവൻ
എല്ലാവർക്കും ഒരുപോലെ
അവൻെറ കണ്ണുകാ വെട്ടിത്തീടാൻ
അവനിയിലാരും തുന ിയരുതേ

അറിവുണ്ടെന്നൊരഹങ്കാരത്തിൽ
കഴിവുണ്ടെന്നൊരഹംഭാവം
അതുവരുമൊരുനാളോർക്കേണം
അതുവരുമൊരുനാളോർക്കേണം

വെളിവായ് വരുമിഹസതയംഒരുനാാ
തെളിവാകുന്നൊരുസുദിനത്തിൽ
അഴിയുന്നവരുടെ മുഖപടലങ്ങാ
പൊഴിയും ചുണ്ടിൽ വിഷാദങ്ങാ

സ്ഥിരമായിവിടെ സുഖിച്ചവരില്ല
സ്ഥിരമായൊരുവനു ദുഃഖവുമില്ല
സുഖദുഃഖങ്ങാ രാപ്പകൽപോലെ
തുണയായ് വരുമതുമേവർക്കും...

കളവും ചതിയും വഞ്ചനയും ചിലർ
വെളിവാക്കുന്നൊരു കൂരിരുളിൽ
അവനതിൽ വീണങ്ങുഴലുംന്നേരം
അവനിലുദിക്കും നേർവഴികാ



*എ.കെ.എസ്. ആതവനാട്*
*മൊ. 09846327540*

## നിര്യാണം

ശ്രീകൃഷ്ണപുരം, കുറുവട്ടൂർ കളരിക്കൽ ശ്രീ (പരേതനായ ) കുഞ്ഞിരാമ പണിക്കരുടെ ഭാര്യ ലക്ഷ്മികുട്ടി പണിക്കത്ത്യേർ 4-5-2013ൻ ഉച്ചതിരിഞ്ഞ് 1.30 ക്ക് അന്തരിച്ചു.

പരേതയുടെ കുടുംബാംഗങ്ങളോടൊപ്പം ദുഖത്തിൽ പങ്കുചേർന്നു. പരേതയുടെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം ആദരാജ്ഞലികളും അർപ്പിക്കുന്നു.

ഗോവിന്ദൻ കുട്ടി പണിക്കർ മകനും സത്യഭാമ-ഉണ്ണിക്കൃഷ്ണ പണിക്കർ, സാവിത്രി-സോമൻ ,സരസ്വതി- സുരേഷ് എന്നിവർ പരേതയുടെ മക്കാളും മരുമക്കളുമാണ്.

റിപ്പോർട്ട്ഃ. ശ്രീകുമാർ, അഹമ്മദാബാദ്

## അഭിപ്രായം പറയുവാനുള്ള സ്വാതന്ത്ര്യം

ഏതൊരു ഇന്ത്യൻ പൗരനും അഭിപ്രായം തുറന്നു പറയുവാനുള്ള സ്വാതന്ത്ര്യവും അവകാശവും ഇന്ത്യൻ ഭരണഘടന നൽകുന്നുണ്ട്. ആയതിനാൽ സ്വതന്ത്ര്യമായി അഭിപ്രായ പ്രകടനം നടത്തുന്നതിൽ തെറ്റില്ല. ആവശ്യമെന്നു വരുന്ന അവനസരങ്ങളിൽ പ്രതികരിക്കുകതന്നെ വേണം. എന്നാൽ പ്രതികരണ ശേഷി കുറവുള്ള പല അല്പ സംഖ്യരായ സമുദായങ്ങളും കേരളത്തിലുണ്ട്.

## കൃഷ്ണൻകുട്ടി ഗുപ്തൻ അനുസ്മരണ ജ്യോതിഷരത്ന പുരസ്കാരം പണിക്കർക്ക്



ജ്യോതിഷ പണ്ഡിതൻ ഗണിതവിഗാരദ് പുളിയത്ത് കൃഷ്ണൻകുട്ടി ഗുപ്തൻ അനുസ്മരണ സമ്മേളനവും ദൈവജ്ഞ തിലകം അവർഡ് വിതരണവും ചത്തെല്ലൂരിൽ നടന്നു.

ജ്യോതിഷരത്നം പുരസ്കാരം ഷൊർണൂർ പടുമണ്ണ ബാലകൃഷ്ണൻ പണിക്കർ, മണ്ണാർക്കാട് ഭാസ്കര പണിക്കർ എന്നിവർക്കും ദൈവജ്ഞതിലകം അവർഡ് കുന്ദകുളം മണപ്പുഴ രാമൻ നമ്പൂതിരിക്കും നൽകി ആദരിച്ചു.

അനുസ്മരണ സമ്മേളനം കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് ഉദ്ഘാടനം നിർവ്വഹിച്ചു. പി. വിജയൻ അദ്ധ്യക്ഷൻെറ സാന്നിദ്ധ്യത്തിൽ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് അനുസ്മരണ പ്രഭാഷണം നടത്തി. കേരള ജ്യോതിഷ പരിഷത്ത് പ്രസിഡൻറ് അഡ്വ. രഘുരാമൻ പണിക്കർ പുസ്തക പ്രകാശനം നിർവ്വഹിച്ചു.

അണ്ടലാടി നാരായൺ നമ്പൂതിരി,കൂറ്റനാട് രാവുണ്ണി പണിക്കർ, ആലുവ തന്ത്രപീഠം കുലപതി അഴകത്ത് ശാസ്ത്യശർമൻ നമ്പൂതിരിപ്പാട്,കാണിപ്പയ്യൂർ നാരായൺ നമ്പൂതിരിപ്പാട്, സാഹിത്യകാരൻ കെ.ആർ. ചെന്തല്ലൂർ, ഗുപ്തൻ സേവന സമാജം സംസ്ഥാനനകമ്മിറ്റി പ്രസിഡൻറ്, കുട്ടികൃഷ്ണൻ ഗുപ്തൻ, പാലക്കാട് മുത്തൻ സർവീസ് കൊപറേറ്റിവ് സൊസൈറ്റി അംഗം എസ്.ആർ. ബാലസുബ്രഹ്മണ്യം,പ്രൊഫ. എ.എൻ. ചെട്ടിയാർ , രാധാകൃഷ്ണൻ പുളിയത്ത് എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു.

റിപ്പോർട്ട് ഃ സോമകുമാർ, അഹമ്മദാബാദ്

## അറ്റുപോയ കണ്ണികാ

"ഇതൊരു ജാതിയുടെ ചരിത്രമല്ല. പ്രത്യുത, നൂറ്റാണ്ടുകാക്കു മുമ്പ് കേരളത്തിലെ കളരികളിൽ (മിലിറ്ററി ട്രേനിങ്ങ് സ്ക്കൂളുകളഇൽ) സൈനികപരിശീലനം കൊടുത്തിരുന്ന അദ്ധ്യാപകരുടെ ജീവിതത്തിലേയ്ക്കുള്ള ഒരു അന്വേഷണമാണത. അതോടൊപ്പം നൂറുകൊല്ലം മുമ്പ് കേരളത്തിൽ നടന്നിരുന്ന സാക്ഷരതാ പ്രവർത്തനത്തിലേക്കും അതിന് നേതൃത്വം കൊടുത്തിരുന്ന ആശാന്മാരുടെ ജീവനിതത്തിലേയക്കുമുഴ്ഴ ഒരു തീർത്ഥയാത്രയും."

പ്രൊഫ. കെ.കെ. ഭാസ്കരൻ എഴുതിയ അറ്റുപോയ കണ്ണികാ എന്ന പുസ്തകത്തിന് അവതാരിക എഴഉതിയിരിക്കുന്നത് കെ.കെ.പി,എസ്സ് സമുദായവും സംഘടനയുമായി വളരെ അടുത്ത ബന്ധം പുലർത്തിയിരുന്ന സി.ആർ. ബാലകൃഷ്ണൻ, നെട്ടിശ്ശേരി കളരിക്കലാണ്. ഈ പുസ്തകം ഈ സമുദായ അംഗങ്ങാ വായിച്ചിരിക്കേണ്ടതാണ്.

**Published by Kalary.com**
Reporter : Ramachandran Kalarickal, Trichur (09249308894), Proof reading :Smt. Ajitha M.,Gandhinagar
Editors: Shri Anilkumar K.V, Mumbai (09322290222), Shri K.Kamalnathan,Mumbai(09867092926), Shri Ravi Parappurath,Coimbatore(09443595794)
Chief Editor : Mukundan Kurup,Gujarat ( 09601484166), Email(News letter) :- kalarickalk@gmail.com,kurups.kalaries@yahoo.in